തെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കാർഷിക കേരളത്തിൽ അവസരങ്ങളുമില്ല. അന്യം നിന്നുപോകുന്ന മത്സരങ്ങളാണ് കാളവണ്ടി കുതിര വണ്ടി ഓട്ടമത്സരങ്ങൾ. ഒന്നാം കൊയ്ത്തുകഴിഞ്ഞാൽ അതിന്റെ ഇടവേളയ്ക്ക് കൃഷിക്കാരും കൃഷിക്ക് സഹായിച്ച മൃഗങ്ങളും ചേർന്ന് നടത്തുന്ന ഒരു ഉത്സവമാണ് അത് ഇന്ന് അതിന് സാമ്പത്തികമായി സഹായിക്കാൻ ആളില്ല. പ്രോത്സാഹിപ്പിക്കാൻ ആളില്ല. അതുകൊണ്ട് കാളവണ്ടി-കുതിരവണ്ടി ഓട്ടമത്സരവും കാളപൂട്ട്-പോത്ത് പൂട്ട് മത്സരവും ഇതിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ത്രിതല ഭരണ സംവിധാനത്തിൽ അവരുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്തിക്കൊണ്ട് ഗ്രാമീണ സ്പോർട്ട്സിനെ കൂടുതൽ വിപുലപ്പെടുത്തുന്നതിനുവേണ്ടി അതിനാവശ്യമായ പരിപാടികൾ തയ്യാറാക്കണമെന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാന പ്ലാനിംഗ് ബോർഡും പഞ്ചായത്തുകളുമായി സഹകരിച്ച് ഒരു ശില്പശാല തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് പഞ്ചായത്തിൽ വച്ചു നടത്തുകയുണ്ടായി. ഒരു പഞ്ചായത്തിൽ ആ പദ്ധതിയിലെ ഒരു പരിപാടിയെങ്കിലും സ്പോർട്ട്സുമായി ബന്ധപ്പെട്ട് നടത്തണമെന്നാണ് ആ ശില്പശാലയിലെ പ്രധാനപ്പെട്ട നിർദ്ദേശമായി വന്നത്. ആ നിർദ്ദേശം ഗവണ്മെന്റിന്റെ കയ്യിൽ കിട്ടിയോ; അതിനാവശ്യമായ നിർദ്ദേശവും സഹായവും കൊടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, യുവജനക്ഷേമ വകുപ്പ് ഉൾപ്പെടെയാണ് ആ ക്യാമ്പ് നടത്തിയത്. അതുകൊണ്ട് അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിലുണ്ട്. അതനുസരിച്ച് പദ്ധതി രൂപീകരിക്കുന്നതിന് ഗവണ്മെന്റ് മുൻകൈയെടുക്കുന്നതാണ്.

പ്രാഥമിക സഹകരണസംഘങ്ങളിൽ പുതിയ നിയമനം നടത്തുന്നതിന് നടപടി

2 (*621) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങളിൽ പുതിയ നിയമനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(സി) നിർദ്ദിഷ്ട റിക്രൂട്ട്മെന്റ് ഏജൻസി നിലവിൽ വരുന്നതുവരെയുള്ള നിയമനങ്ങൾ നേരിട്ട് നടത്തുവാൻ പ്രാഥമിക സഹകരണസംഘങ്ങളെ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട തീരുമാനം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി)&(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി 813/99 നമ്പർ ഒ.പി. യിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലർ അനുസരിച്ച് സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതുവരെ പ്രാഥമിക സഹകരണസംഘങ്ങളിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ പാടുള്ളൂവെന്നും രജിസ്ട്രാറുടെ മുൻകൂർ അനുവാദത്തോടുകൂടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റോ മറ്റ് പ്രശസ്ത ഏജൻസിയോ മുഖേന എഴുത്തുപരീക്ഷ നടത്തി നേരിട്ട് നിയമനം നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, പ്രാഥമിക സഹകരണസംഘങ്ങൾ പ്രാദേശികമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണല്ലോ. റിക്രൂട്ട്മെന്റ് ബോർഡുവഴി നിയമനം നടത്തുമ്പോൾ അതാതു പ്രദേശങ്ങളിലുള്ളവർക്ക് നിയമനം ലഭ്യമാക്കാൻ എന്തെങ്കിലും വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, നമ്മൾ ഈ പ്രശ്നം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയതാണ്. പ്രാദേശിക പരിഗണന എന്നുള്ളതുവരെയാക്കി കൊണ്ടുവരിക അസാദ്ധ്യമാണ്. അതേയവസരത്തിൽ അവരുടെ നിയമന കാര്യത്തിൽ ഇന്ന് റിട്ടൺ ടെസ്റ്റ് മാത്രമാണ് എക്സാമിനേഷൻ ബോർഡ് നടത്താൻ ഉദ്ദേശിക്കുന്നത്. റിട്ടൺ ടെസ്റ്റ് കഴിഞ്ഞ് ലിസ്റ്റ് സംഘങ്ങൾക്ക് കൊടുക്കുമ്പോൾ ഒരു നിശ്ചിത മാർക്ക് സംഘങ്ങളിലെ കമ്മിറ്റി കൊടുക്കാനും നിയമനം നടത്തുന്നതിൽ ലോക്കൽ പരിഗണനവച്ച് സംഘങ്ങൾക്കുള്ള അവകാശം സംരക്ഷിക്കാനും അവസരം ഉണ്ടാക്കിക്കൊണ്ടുള്ള ഒരു പ്രായോഗിക രീതിയായിരിക്കും നടപ്പിലാക്കുകയെന്ന് അന്ന് കണ്ടിരുന്നു. അതാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, പ്രാഥമിക സഹകരണസംഘം ജീവനക്കാരെ ഒരു കോമൺ പൂളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ഇല്ലെങ്കിൽ റിക്രൂട്ട്മെന്റ് ബോർഡ് താലൂക്കടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, റിക്രൂട്ട്മെന്റ് ബോർഡിന്റെ ഡ്രാഫ്റ്റ് റൂൾസ് ഇതിനകം പരസ്യപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. നിയമവകുപ്പിന്റെ പരിശോധനയ്ക്കുശേഷം അതു ഫൈനലൈസ് ചെയ്യുക എന്നതാണ് നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, സംസ്ഥാനത്തെ പ്രാഥമിക സഹകരണസംഘങ്ങളിലെ നിയമനങ്ങൾക്കായുള്ള റിക്രൂട്ട്മെന്റ് ബോർഡ് എന്ന് പ്രാബല്യത്തിൽവരുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, രണ്ട് മാസത്തിനകം റിക്രൂട്ട്മെന്റ് ബോർഡ് പ്രാബല്യത്തിൽ വരിക എന്നതാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, പ്രസ്തുത ബോർഡിന്റെ ഘടന എന്ത് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : സർ, മൂന്ന് പേരിൽ കുറയാത്ത അംഗങ്ങളാണ് ബോർഡിലുള്ളത്. അതു സംബന്ധിച്ച് നോട്ടിഫിക്കേഷനും റൂൾസും പബ്ലിഷ് ചെയ്തിട്ടുണ്ട്.

ശ്രീ. ടി.കെ. ബാലൻ : പുതിയ നിയമം വന്നതോടുകൂടി സ്പെഷ്യൽ കാറ്റഗറി തസ്തികയിലേയ്ക്കുള്ള നിയമനം അതാത് ഭരണസമിതി തന്നെ നടത്തണമെന്നുള്ളതാണ്. പക്ഷേ ഇന്ന് രജിസ്ട്രാറിൽനിന്ന് സ്പെഷ്യൽ സാംഗ്ഷൻ വാങ്ങിച്ചിട്ട് മാത്രമേ ഭരണസമിതിക്ക് നിയമിക്കാൻ കഴിയുന്നുള്ളൂ. അതുകൊണ്ട് ഈ നിബന്ധന വേണ്ടെന്ന് വയ്ക്കാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. എസ്. ശർമ്മ : അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി.കെ. ബാലൻ : സഹകരണസംഘങ്ങളിലേയ്ക്കുള്ള നിയമനത്തിൽ പ്രാദേശികമായിട്ടുള്ള പരിഗണന നൽകുന്ന കാര്യത്തെ സംബന്ധിച്ച് ഗവണ്മെന്റ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിബന്ധനയെന്താണ്?

ശ്രീ. എസ്. ശർമ്മ : അതിന് ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. വിശ്വൻ : സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ ഹാർട്ട് ആ സ്ഥാപനത്തിലെ ജീവനക്കാരാണ്. നിക്ഷേപ സമാഹരണം, പബ്ളിക് കോൺടാക്ട് ഇതിനൊക്കെത്തന്നെ ആ പ്രദേശവുമായി ബന്ധപ്പെട്ടവരെ കൂടുതൽ ഉൾപ്പെടുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : തീർച്ചയായിട്ടും സ്വീകരിക്കും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സംസ്ഥാനത്തിലെ പ്രാഥമിക സഹകരണസംഘങ്ങളിലെ നിയമനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം ആവശ്യമായി വരുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ശ്രീ. എസ്. ശർമ്മ : നിയമനിർമ്മാണംവഴിയാണ് ഇപ്പോൾ ഈ നടപടികളിലേക്ക് പ്രവേശിക്കുന്നത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പ്രാഥമിക സഹകരണസംഘങ്ങളിലേയ്ക്ക് നിയമനം നടത്തുമ്പോൾ ചില സംഘങ്ങളിൽ സംവരണം വേണ്ടത്ര പാലിക്കുന്നില്ലെന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സംഘങ്ങളിൽ സംവരണം നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

ശ്രീ. എസ്. ശർമ്മ : നിലവിലുള്ള സഹകരണ നിയമത്തിൽ ഒരു സംവരണ വ്യവസ്ഥ പാലിക്കുന്നുണ്ട്. അത് ഭരണഘടനാപരമായ സംവരണ വ്യവസ്ഥയുടെ ഭാഗമായിട്ടുള്ളതല്ല. എന്നാൽ എസ്.സി./എസ്.ടി. യുടെ കാര്യത്തിൽ പത്ത് ശതമാനം സംവരണം എന്നുള്ളത് ഇപ്പോൾ ചട്ടം അനുശാസിക്കുന്നുണ്ട്. അത് സംരക്ഷിക്കപ്പെടുകയും അതേയവസരത്തിൽ ഒരു സംഘത്തിൽ ഒരു ഒഴിവാണ് വരുന്നതെങ്കിൽ പ്രായോഗികമായ ചില പ്രശ്നങ്ങളുണ്ട്. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം സംവരണതത്വം പാലിച്ചുകൊണ്ടുപോകണമെന്നുള്ളത് തന്നെയാണ് നിലപാട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : റിക്രൂട്ട്മെന്റ് ബോർഡിൽ മൂന്ന് അംഗങ്ങളെ വയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. രാഷ്ട്രീയമായി യാതൊരു ബന്ധവുമില്ലാത്ത ആളുകളെ ജുഡീഷ്യൽ സർവീസിൽ നിന്ന് നിയമിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : ഇതിൽ പ്രൊഫഷണലുകളെയാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. കണാരൻ : ഒരു പ്രദേശത്തുള്ളവർ ആ പ്രദേശത്തിന്റെ അഭിവൃദ്ധി അടിസ്ഥാനപ്പെടുത്തി ഒരു സൊസൈറ്റി സ്ഥാപിച്ചു. അവർ തന്നെ ഷെയറെടുത്തു. അവരുടെ ബാദ്ധ്യതയോടുകൂടി ഒരു ഷെയർ ക്യാപ്പിറ്റൽ ലോൺ വാങ്ങിച്ചു. ആ ബാദ്ധ്യതക്ക് ഉത്തരവാദപ്പെട്ടവർത്തന്നെ അവരുടെ ആ സ്ഥാപനത്തിൽ അവർക്ക് അനുയോജ്യമെന്നു തോന്നുന്ന ഒരാളെ നിശ്ചയിക്കുന്നതിനെതിരായി ഒരു റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കി ഈ നിയമനം നടത്തുന്ന നടപടിക്രമത്തിൽ മാറ്റം വരുത്തുമോ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം ഉൾപ്പെടുന്ന സെലക്ട് കമ്മിറ്റി കേരളമൊട്ടാകെ സന്ദർശിച്ച് തെളിവെടുപ്പ് നടത്തി സംഘങ്ങളുടെ അഭിപ്രായം ശേഖരിക്കുകയും ആ പ്രശ്നത്തിൽ ഈ സഭ യുണാനിമസായ ഒരു തീരുമാനം എടുക്കുകയും ചെയ്തതാണ്. ആ കാര്യത്തെക്കുറിച്ചാണ് അദ്ദേഹം ചോദിച്ചത്.

ശ്രീ. കെ.പി.എ. മജീദ് : നിയമനങ്ങളെ സംബന്ധിച്ച് കോടതി വിധിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രാഥമികസഹകരണ സംഘങ്ങളിലെ നിയമനങ്ങൾ നടത്താനും അനിവാര്യമായ സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സഹായത്തോടുകൂടി എക്സാമിനേഷൻ നടത്തി നിയമിക്കാനുമുള്ള അനുവാദം കൊടുത്തുവെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ എത്ര സംഘങ്ങൾക്ക് അങ്ങ് അനുവാദം കൊടുത്തിട്ടുണ്ട്. അവ ഏതൊക്കെ സംഘങ്ങളാണെന്ന് പറയാൻ കഴിയുമോ?

ശ്രീ. എസ്. ശർമ്മ : എത്ര സംഘങ്ങൾ എന്നുള്ളതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. കെ.സി. ജോസഫ് : പല സഹകരണസംഘങ്ങളും രാഷ്ട്രീയ സമ്മർദ്ദംമൂലം അവരുടെ സാമ്പത്തികമായ വയബിലിറ്റി നോക്കാതെ പോസ്റ്റ് വാങ്ങി സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഇനിയെങ്കിലും സംഘങ്ങളുടെ സാമ്പത്തികശേഷി സംബന്ധിച്ച് ഒരു വർക്ക് സ്റ്റഡി നടത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രം പോസ്റ്റ് സാംഗ്ഷൻ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : പോസ്റ്റ് അനുവദിക്കുന്നത് സംഘങ്ങളുടെ വയബിലിറ്റി നോക്കിമാത്രമേ പാടുള്ളൂവെന്ന് ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥക്ക് വിപരീതമായി രാഷ്ട്രീയ വിവേചനം കാണിച്ച് പോസ്റ്റ് കൊടുക്കാതിരുന്നുവെന്നോ പോസ്റ്റ് കൊടുത്തെന്നോ പറഞ്ഞുകൊണ്ട് ഇതുവരെ ഒരു പരാതിയും എനിക്ക് ലഭിച്ചിട്ടില്ല.

ശ്രീ. കെ.സി. വേണുഗോപാൽ : സഹകരണമേഖലയിലെ നിയമനങ്ങൾ മിക്കവാറും പി.എസ്.സി. ക്ക് വിട്ടുവെങ്കിലും നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട നിയമനങ്ങൾ സഹകരണ മേഖലയിൽ നടക്കുന്നത് നീതിസ്റ്റോറുകളിലാണ്. അതുകൊണ്ട് നീതിസ്റ്റോറുകളിലെ നിയമനംകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ പി.എസ്.സി. മുഖാന്തിരമോ നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : നീതിസ്റ്റോറുകളിൽ കൺസ്യൂമർ ഫെഡറേഷനല്ല നിയമനം നടത്തുന്നത്. ശ്രീ. കെ.സി. വേണുഗോപാലിന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഒരു സംഘം നീതിസ്റ്റോർ നടത്താൻ വില്ലിംഗാണെന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

വന്നാൽ ആ സംഘത്തിന് കൊടുക്കും; അങ്ങനെയാണ് ഇപ്പോൾ കൊടുക്കുന്നത്. സെയിൽസിന്റെ കമ്മിഷൻ മാത്രമാണ് സ്റ്റോറിൽ നിൽക്കുന്ന ജീവനക്കാർക്ക് കിട്ടുന്നത്. സംഘമാണ് നിയമിക്കുന്നത്. അല്ലാതെ പ്രത്യേക രൂപത്തിൽ കൺസ്യൂമർ ഫെഡറേഷനോ അല്ലെങ്കിൽ സഹകരണ വകുപ്പോ അല്ല നിയമിക്കുന്നത്. കമ്മിഷൻ കുറഞ്ഞാൽ അവരുടെ ജോലിയുംപോയി. കമ്മിഷനുണ്ടെങ്കിൽ തൽക്കാലത്തേയ്ക്ക് പിടിച്ചുനിൽക്കാം. അത്രയേ അതുകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ.

ശ്രീ. ഇ.എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്ന് റിക്രൂട്ട്മെന്റ് ബോർഡിനെ നിർജ്ജീവമാക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുവോയെന്നുള്ള ഒരു സംശയമുണ്ടായിട്ടുണ്ട്. അതുപോലെതന്നെ മറുഭാഗത്തുനിന്നുള്ള അംഗങ്ങളുടെ ചോദ്യത്തിലും അത് പ്രകടമാണ്. അങ്ങ് പറഞ്ഞു, റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ അടിയന്തിരമായ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ലിസ്റ്റ് വാങ്ങിക്കുന്നതിനും അതിന് കഴിയാതെ വന്നാൽ ഐ.എം.ജി. യുടെയോ വൈദഗ്ധ്യമുള്ള ഇതര സ്ഥാപനങ്ങളുടെയോ മേൽനോട്ടത്തിൽ നിയമനം നടത്താനുമുള്ള നടപടി സ്വീകരിക്കുമെന്ന് രണ്ട് മാസത്തിനകം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുമെന്നും മറ്റൊരു ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞു. കേരളത്തിലെ സഹകരണ മേഖലയിൽ രണ്ട് മാസത്തേയ്ക്കുള്ള അടിയന്തിരമായ സാഹചര്യമെന്താണ് നിലനിൽക്കുന്നത്? അതിനുള്ള മാനദണ്ഡമെന്താണ്? ഈ ബില്ലിന്റെ ചർച്ചയിൽ ഞങ്ങൾ ഭയപ്പെട്ടതുപോലെ പിൻവാതിലിലൂടെ നിയമനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് റിക്രൂട്ട്മെന്റ് ബോർഡിന്റെ നിയമനം താമസിപ്പിച്ചുകൊണ്ട് ..... ബഹുമാനപ്പെട്ട കണാരന്റെ ചോദ്യത്തിനും വ്യക്തമായ മറുപടി നൽകിയിട്ടില്ല. റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിക്കൊണ്ട് പിൻവാതിലൂടെ നിയമനം നടത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ടോയെന്ന് ഈ ചോദ്യത്തിൽനിന്ന് സംശയിക്കുന്നു. ഈ കാര്യത്തിൽ അങ്ങനെ നടക്കുന്നില്ലെന്ന് ഉറപ്പു വരുത്താനോ, ഇല്ലെങ്കിൽ ഇങ്ങനെ എത്ര സംഘങ്ങൾക്ക് നിയമനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമായ മറുപടി നൽകാനോ കഴിയുമോ?

ശ്രീ. എസ്. ശർമ്മ : ഇതിൽ ഒരു സംശയത്തിന്റെ പ്രശ്നമില്ല. സി,ഡി ചോദ്യങ്ങൾക്കുള്ള മറുപടിയിലാണ് ഞാൻ അത് പറഞ്ഞത്. ബഹുമാനപ്പെട്ട ഹൈക്കോടതി 813/99-ാം നമ്പർ ഒ.പി. യിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമനം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയായിരിക്കണമെന്നും അനിവാര്യമായ സാഹചര്യത്തിൽ ഐ.എം.ജി. പോലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളെ ഏജൻസികളായിട്ട് വച്ച് നിയമനം നടത്താവുന്നതാണെന്നും നിർദ്ദേശിച്ചിരിക്കുന്നത്. ഹൈക്കോടതിയുടെ വിധിയാണ് ഞാൻ ഇവിടെ പരാമർശിച്ചത്. അടിയന്തിര സ്വഭാവമെന്നുവച്ചാൽ സഭ പാസ്സാക്കിയ നിയമത്തെ അടിസ്ഥാനമാക്കി അതിന്റെ ചട്ടത്തിന്റെ കരട് പബ്ളിഷ് ചെയ്തു കഴിഞ്ഞ് അതിന്റെ നടപടിക്രമം പൂർത്തീകരിക്കേണ്ടിവരുന്ന ഒരു ഏകദേശ സമയം മനസ്സിൽ കണക്കുകൂട്ടിയിട്ടാണ് രണ്ടു മാസമെന്ന് പറഞ്ഞത്. അത്രയേയുള്ളൂ.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഭൂജലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംവിധാനം

3 (*622)ശ്രീ. എൻ. കണ്ണൻ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

LIBRARY ARCHIVES Kerala Legislative Assembly